**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 105** **27-07-2021 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റ ഉത്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ എം രാജഗോപാലൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന ഭക്ഷ്യ സുരക്ഷിതത്വ പ്രോജക്ടിന്റെ ഭാഗമായി പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സമീകൃത കാലിത്തീറ്റയുടെയും ഉപോൽപ്പന്നങ്ങളുടെയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ഏന്തെല്ലാം സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കു- ന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരളാ ഫീഡ്സ് ലിമിറ്റഡിന്റെ 4 ഫാക്ടറികളിൽ നിന്നായി പ്രതിദിനം 1750 ടൺ കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കന്നുകാലികളുടെ രോഗപ്രതിരോധ ശേഷി നിലനിർത്തുന്നതിനും ധാതുലവണങ്ങളുടെ പോഷകക്കുറവ് പരിഹരിക്കുന്നതിനും, പ്രത്യുൽപ്പാദന ക്ഷമത നിലനിർത്തുന്നതിനും, ധാതുലവണ മിശ്രിതമായ 'കേരമിൻ', സമ്പുഷ്ടീകരിച്ച വൈയ്ക്കോൽക്കട്ട എന്നിവയും കേരള ഫീഡ്സ് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. മിൽമയുടെ രണ്ട് കാലിത്തീറ്റ ഫാക്ടറികളിലും ക്ഷീരകർഷർക്ക് ആവശ്യമായ തരത്തിലുള്ള കാലിത്തീറ്റകളാണ് ഉൽപ്പാദിപ്പിച്ച് വരുന്നത്. പശുവിന്റെ പാലുത്പാദനശേഷി വർദ്ധിപ്പിക്കു- ന്നതിനായി മിൽമ റിച്ച്, മിൽമ ഗോൾഡ്, മിൽമ ബൈപ്രോ എന്നീ 3 ഇനം കാലിത്തീറ്റകൾ ഉത്പാദിപ്പിക്കുന്നു. ഇത് പാലുൽപ്പാദനവും, കാലികളുടെ പ്രതിരോധശേഷിയും വർദ്ധിപ്പിക്കുവാനും, കറവകൾ തമ്മിലുള്ള ഇടവേളകൾ കുറയ്ക്കുന്നതിനും പ്രയോജനപ്പെടുന്നു. ഇതോടൊപ്പം ഫീഡ് സപ്ലിമെന്റായ ധാതുലവണ മിശ്രിതവും കാലികൾക്ക് അധിക ഊർജ്ജം നൽകുന്നതിനുവേണ്ടി 'ക്ഷീരസമൃദ്ധി' എന്ന പേരിൽ ബൈപാസ് ഫാറ്റും ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ക്ഷീരവികസന വകുപ്പിന്റെ ഈ വർഷത്തെ പദ്ധതികളിൽ സംഘങ്ങൾക്ക് പാരമ്പര്യേതര തീറ്റവസ്തുക്കൾ |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണത്തിനായുള്ള ഒരു നൂതന പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22 സംസ്ഥാന ബജറ്റിൽ ക്ഷീരവികസന വകുപ്പിന് വകയിരുത്തിയ 96 കോടി രൂപയിൽ 40 കോടി രൂപ മിൽക്ക് ഷെഡ്ഡ്, തീറ്റപ്പുല്ല് വികസന പദ്ധതിക്കും 14 കോടി രൂപ കാലിത്തീറ്റ സബ്സിഡിക്കും വകയിരുത്തിയിട്ടുണ്ട്. |
| (ബി) | അസംസ്കൃത പദാർത്ഥങ്ങളുടെ വിലവർദ്ധനവിലും കേരള ഫീഡ്സ് ഉത്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കാതെ വിതരണം ചെയ്യാൻ സാധിക്കുന്നുണ്ടോ; | (ബി) | അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവിന് ആനുപാതികമായി വില വർദ്ധിപ്പിക്കാതെ കാലിത്തീറ്റ വിതരണം ചെയ്യാൻ നിലവിൽ കേരളാ ഫീഡ്സിന് സാധിക്കുന്നുണ്ട്. |
| (സി) | കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ ക്ഷീരവികസന മേഖലയിലേയ്ക്ക് ധാരാളം പേർ കടന്നുവരുന്നതിനാൽ കാലിത്തീറ്റയുടെ ഉത്പാദനം വർദ്ധിപ്പിക്കേണ്ടതാണെന്ന വിലയിരുത്തൽ സർക്കാരിനുണ്ടോ; | (സി) | ക്ഷീരവികസന മേഖലയിലേക്ക് ധാരാളം പേർ കടന്നുവരുന്നുണ്ട്. ഈ മേഖലയിൽ കാലിത്തീറ്റ കൂടുതലായി ആവശ്യമാകുന്ന പക്ഷം അതിനനുസരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കേരള ഫീഡ്സ് ലിമിറ്റഡും, മിൽമയും സജ്ജമാണ്. |
| (ഡി) | പുതുതായി കാലിത്തീറ്റ നിർമ്മാണ ഫാക്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ? | (ഡി) | പുതുതായി കാലിത്തീറ്റ നിർമ്മാണ ഫാക്ടറികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ